ഉത്തരം

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് മൂന്ന് ഘട്ടങ്ങളിലായി 2584 ഭൂവുടമകളിൽ നിന്നും ആകെ 785.59 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുക്കപ്പെട്ട ഭൂമിയുടെ മുഴുവൻ ഉടമകൾക്കും നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്.

(സി) ഇതിലേയ്ക്കായി 666,40,34,177 (അറുന്നൂറ്റി അറുപത്തിയാറ് കോടി നാൽപ്പത് ലക്ഷത്തി മൂപ്പത്തിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തിയേഴ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ഡി-എഫ്) ഏറ്റെടുക്കപ്പെട്ടുകഴിഞ്ഞ ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരത്തുക നൽകാൻ ബാക്കിയില്ല. എന്നാൽ 25 കൈവശക്കാരിൽ നിന്നും ഇനിയും ഭൂമി ഏറ്റെടുക്കുവാനുണ്ട്. ഇതിനായി ഉദ്ദേശം 16,15,68,9555 രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കണ്ണൂർ വിമാനത്താവളനിർമ്മാണത്തിനായി സ്ഫോടക വസ്തുക്കളുടെ ഉപയോഗം

140 (145) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളനിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി നിരപ്പാക്കുവാനും മറ്റുമായി സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഏത് ഉത്തരവുപ്രകാരമാണ് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്;

(സി) ഇത്തരത്തിൽ സ്ഫോടനം നടത്തുമ്പോൾ സ്ഫോടനശക്തി എത്ര വരെയാകാമെന്ന് (സ്ഫോടന ശക്തിയുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ കണക്കു പ്രകാരം) നിയന്ത്രണ മേർപ്പെടുത്തികൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയന്ത്രണ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) വിമാനത്താവള നിർമ്മാണസ്ഥലത്തു നടക്കുന്ന അത്യുഗ്ര സ്ഫോടനങ്ങൾ സമീപവാസികളുടെ ജീവനും സ്വത്തിനും വലിയ ഭീഷണി ഉയർത്തുന്നതു സംബന്ധിച്ച് ജനപ്രതിനിധികളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ പ്രസ്തുത നിവേദനങ്ങൾ പ്രകാരം ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ജി) അത്യുഗ്രസ്ഫോടനങ്ങൾ കാരണം വീടുകൾക്കും കെട്ടിടങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നുവെന്നുറപ്പാക്കുവാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം ഇ.പി.സി.കരാർ പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കരാർ അനുസരിച്ച് കോൺട്രാക്ടർക്ക് റൺവെയ്ക്കവേണ്ടി ഭൂമി നിരപ്പാക്കുവാൻ ആവശ്യമായ ഘട്ടങ്ങളിൽ സ്ഫോടനം നടത്തുവാൻ വ്യവസ്ഥയുണ്ട്. കണ്ണൂർ വിമാനത്താവളനിർമ്മാണത്തിന് വേണ്ടി ഭൂമി നിരപ്പാക്കുവാൻ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ കണ്ണൂരിൽ നിന്നും 2014/20164/13/D4 നമ്പർ പ്രകാരവും എക്സ്പ്ലോസീവ് ഡയറക്ടർ, നാഗ്പൂരിൽ നിന്നും 10-6-2014 തീയതിക്കും അനുമതി ലഭിച്ചിട്ടുണ്ട്.

(സി) സ്ഫോടനത്തിന് ഡയറക്ടർ ജനറൽ ഓഫ് മൈൻ & സേഫ്റ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം അനുവദനീയമായ വൈബ്രേഷൻ മിനിറ്റിൽ 5 എം.എമ്മും ശബ്ദം 130 ഡെസിബെല്ലും ആണ്. അനുവദനീയമായ പരിധികളിൽ മാത്രമേ കിയാൽ സ്ഫോടനം നടത്തിയിട്ടുള്ളൂ. മറ്റു പ്രവൃത്തികൾക്കൊപ്പം സ്ഫോടനത്തിന്റെയും മേൽനോട്ടം വഹിക്കുന്നത് കൺസൾട്ടൻസിയായ എയ്കോം ഏഷ്യാ കമ്പനിയാണ്. വൈബ്രേഷനും ശബ്ദവും അളക്കുവാനുള്ള ഉപകരണങ്ങൾ സൈറ്റിൽ കൃത്യമായി ഉപയോഗിക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാൻ എയ്കൊമിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്ഫോടന വിദഗ്ധനെക്കൊണ്ട് സൈറ്റും സൈറ്റിൽ നടക്കുന്ന സ്ഫോടനങ്ങളും പരിശോധിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ സ്ഫോടനം നടത്തുകയും ചെയ്തു. അദ്ദേഹം ഒന്നിൽക്കൂടുതൽ തവണ സൈറ്റ് സന്ദർശിക്കുകയും സ്ഫോടത്തിന് നേതൃത്വം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജർ പ്രകാരമാണ് സൈറ്റിൽ സ്ഫോടനം നടത്തിവരുന്നത്. കൂടാതെ എം.എൽ.എ.-യുടെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ പ്രതിനിധികളുടെയും യോഗം ജില്ലാ കളക്ടേറ്റിൽ ചേരുകയും പ്രവൃത്തി നടത്തുമ്പോൾ കർശന സുരക്ഷാ സംവിധാനം ഏർപ്പെടുത്തണമെന്നും തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തുന്ന രണ്ട് പ്രതിനിധികൾ സ്ഥോടനത്തിന് വേണ്ടി സ്ഥലമൊരുക്കുന്നത് ഉൾപ്പെടെ നിരീക്ഷിക്കാൻ വരികയും അവരുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥോടനങ്ങൾ നടത്തുകയുമാണ് ചെയ്തു വന്നിരുന്നത്.

(ഇ-ജി) കണ്ണൂർ വിമാനത്താവള ഭൂമിയിൽ നടത്തുന്ന സ്ഥോടനം സംബന്ധിച്ച് ബഹുമാനപ്പെട്ട മണ്ഡലം എം.എൽ.എ. ശ്രീ. ഇ. പി. ജയരാജനിൽ നിന്നും പഞ്ചായത്ത് പ്രതിനിധികളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. ഈ നിവേദനത്തിന് കിയാൽ നടത്തിയ സ്ഥോടനത്തെക്കുറിച്ച് വിശദമായ മറുപടി നൽകുകയും കിയാൽ അധികൃതർ ബഹുമാനപ്പെട്ട എം.എൽ.എ.-യെ നേരിൽക്കണ്ട് കാര്യങ്ങൾ വിശദികരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ വിമാനത്താവള ഭൂമിയിൽ നിർമ്മാണത്തിന് വേണ്ടി നടത്തുന്ന സ്ഥോടനത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടേറ്റിൽ, 14-2-2015-ന് സർവ്വകക്ഷി യോഗം ചേർന്നിരുന്നു. യോഗത്തിന് മുമ്പ് നടന്ന സ്ഥോടനത്തിന് കേടുപറ്റിയെന്ന് സൂചിപ്പിച്ച 160 വീടുകളിൽ പി.ഡബ്ല്യു.ഡി.(ബിൽഡിംഗ്) വിഭാഗം പരിശോധന നടത്തി 96 വീടുകൾക്ക് നഷ്ടപരിഹാരമായി 21,69,000 രൂപ നിശ്ചയിക്കുകയും വിതരണം ചെയ്തുതുടങ്ങുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട് :

1. സ്ഥോടനത്തിൽ കേടുപറ്റിയെങ്കിലും പരിഗണിക്കപ്പെട്ടില്ലെന്ന് പരാതിയുള്ള വീടുകളും നഷ്ടപരിഹാരത്തുക കുറഞ്ഞുപോയെന്ന് പറയപ്പെടുന്ന പ്രത്യേക കേസുകളിലും പുനഃപരിശോധനനടത്തുന്നതിന് പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചു. തഹസിൽദാർ എൽ.എ.(എയർപോർട്ട് നമ്പർ1), മട്ടന്നൂർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്ലോക്ക്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽഡിംഗ്, അസിസ്റ്റന്റ് എഞ്ചിനീയർ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ പരിശോധനയ്ക്ക് നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് 28-2-2015-നകം ജില്ലാ കളക്ടർക്ക് സമർപ്പിക്കണം.
2. ജില്ലാ കളക്ടർ പദ്ധതിപ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തും.
3. സ്ഥോടനത്തിന്റെ കാഠിന്യം കുറയ്ക്കാൻ കിയാർ ശ്രദ്ധിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും സ്ഥോടനം തടസ്സപ്പെടുത്താതിരിക്കാൻ ജനകീയ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. ഭൂമി നിരപ്പാക്കുന്നതുമായി ബന്ധപ്പെട്ടും സ്റ്റോടനം സംബന്ധിച്ചുമുള്ള പ്രശ്നങ്ങളിൽ അതാത് സമയത്ത് ഇടപെടുന്നതിനും പരിഹരിക്കുന്നതിനുമായി പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ കൺവീനറായി തലശ്ശേരി തഹസീൽദാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. പ്രസ്തുത ജനകീയ കമ്മിറ്റി 14-2-2015 തീയതി യോഗം ചേരുകയും സംഭവവികാസങ്ങൾ വിലയിരുത്തുകയും താരതമ്യേന അപകട സാദ്ധ്യത കുറഞ്ഞ പ്രദേശങ്ങളിൽ സ്റ്റോടനം നടത്തി പണിതുടരാൻ തീരുമാനിക്കുകയും അതനുസരിച്ച് 27-2-2015-ന് സ്റ്റോടനം ആരംഭിക്കുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റി വീടുകളുടെ പരിശോധന നടത്തിക്കഴിയാറായിട്ടുണ്ട്.

അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച കരട് നയം

141 (146) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച കരട് നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര വ്യോമയാനമന്ത്രാലയത്തിൽ നിന്നും 2014 നവംബർ 10-ന് സംസ്ഥാന ഗവൺമെന്റിന് അയച്ച കത്തിന് സംസ്ഥാന ഗവൺമെന്റ് നല്കിയ പ്രതികരണം എന്തായിരുന്നു; പ്രസ്തുത കത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ അന്താരാഷ്ട്രപദവിയുള്ള എയർപോർട്ടുകൾ ഏതെല്ലാമാണ്; ഓരോ എയർപോർട്ടിനും അന്താരാഷ്ട്ര പദവി ലഭിച്ചത് ഏത് കാലഘട്ടത്തിലായിരുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 10-11-2014-ലെ കത്തിന് മറുപടിയായി സിയാലിനെ വ്യോമയാന. ഹബ്ബിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം, കോഴിക്കോട്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് എന്നീ എയർപോർട്ടുകൾക്കാണ് അന്താരാഷ്ട്ര പദവിയുള്ളത്. ഇതിൽ തിരുവനന്തപുരത്തിന് 1-4-1991-ലും കോഴിക്കോടിന് 16-2-2006-ലും സിയാലിന് 23-5-2000-ലുമാണ് അന്താരാഷ്ട്ര പദവി ലഭിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly